# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.921 — 12.12.2012-ൽ മറുപടിയ്ക്ക്

### അരുവിക്കര, വെള്ളയമ്പലം പ്ലാന്റുകളുടെ നവീകരണം

| | ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ അരുവിക്കര , വെള്ളയമ്പലം പ്ലാന്റുകളുടെ നവീകരണത്തിനായി വാട്ടർ അതോറിറ്റി ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ സഹായത്തോടുകൂടി നടത്തുന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; | (എ) | ടെണ്ടർ ഇവാല്യവേഷൻ പൂർത്തിയായിട്ടുണ്ട്. |
| (ബി) | വർക്ക് അവാർഡ് ചെയ്തത് ഏത് കമ്പനിയ്ക്ക് എന്ത് തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ ; | (ബി) | വർക്ക് അവാർഡ് ചെയ്തിട്ടില്ല. ബോർഡിന്റെ പരിഗണനയിലാണ്. |
| (സി) | നിലവിലുള്ള പ്ലാന്റുകൾക്ക് പകരം പുതിയ പ്ലാന്റ് നിർമ്മിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം ഉണ്ടായിരുന്നുവോ; പ്ലാന്റ് നവീകരിച്ചാൽ മതി എന്ന് ഏത് തലത്തിൽ എപ്പോഴാണ് തീരുമാനമെടുത്തിരുന്നത് ; | (സി) | നിലവിലുള്ള പ്ലാന്റുകൾക്ക പകരം പുതിയ പ്ലാന്റ് നിർമ്മിക്കാൻ നിർ ദ്ദേശം ഉണ്ടായിരുന്നില്ല. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം 1997 ൽ ജൈക്ക പദ്ധതി വിഭാവനം ചെയ്തപ്പോൾ തന്നെ അതിൽ അഞ്ചാമത്തെ പാക്കേജ് ആയി ഉൾപ്പെടുത്തിയിരുന്നു. 2003 ൽ പദ്ധതി പുനരവലോകനം ചെയ്തപ്പോഴും നവീകരണം തന്നെയാണ് അംഗീകരിച്ചിരുന്നത്. പ്ലാന്റുകളുടെ ജോലികൾ പൂർത്തിയായപ്പോൾ നവീകരണ പദ്ധതിയുടെ ടെണ്ടർ |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുകയാണുണ്ടായത്. ടെണ്ടർ ഇവാല്വേഷൻ സമയത്ത് നവീകരണത്തിനു പകരം പുതിയ പ്ലാന്റ് ചെയ്യുകയാണെങ്കിൽ വരാവുന്ന ഗുണദോഷങ്ങൾ പരിഗണിക്കുകയുണ്ടായി. |
| (ഡി) | നവീകരണ പ്രവൃത്തിയുടെ ടെണ്ടറിൽ എത്രപേർ പങ്കെടുത്തു ; ക്വാളിഫൈ ചെയ്തവർ എത്ര; എത്ര പേരിൽ നിന്ന് ഫിനാൻഷ്യൽ ക്വാട്ട് ലഭിക്കുകയുണ്ടായി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | നവീകരണ പ്രവൃത്തികളുടെ ടെണ്ടർ ഡിസംബർ 2011 ൽ ആണ് ആദ്യം ക്ഷണിച്ചത്. പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കുകയുണ്ടായില്ല. 2012 മാർച്ചിൽ വീണ്ടും ടെണ്ടർ ക്ഷണിച്ചു. പ്രീബിഡ് സമയത്ത് മൂന്ന് - നാല് കമ്പനികൾ താല്പര്യം കാണിച്ചിരുന്നുവെങ്കിലും അവരിൽ നിന്ന് ഒരു കമ്പനി മാത്രമേ ടെണ്ടർ നൽകിയുള്ളൂ. അഭിരാം ഇൻഫ്രാ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിയാണ് ടെണ്ടർ സമർപ്പിച്ചത്. അവരുടെ കരാർ തുക (നെഗോസിയേഷന് ശേഷം) 45.83 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ